"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ സർക്കാർ ഏജൻസികളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും നിർബന്ധിത എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.60/2025/RD തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-

1. 19/09/2015-ലെ സ.ഉ(അച്ചടി) നം.470/2015/റവ ഉത്തരവ്.
2. 12/04/2018-ലെ സ.ഉ(അച്ചടി) നം.17/2018/റവ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/10/2022-ലെ LR/5872/2021-LR(C5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2015 ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങളിലെ ചട്ടം 4(2)(i) പ്രകാരം നിലവിൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് നൽകുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (1), (2) പ്രകാരം ഉത്തരവും ഭേദഗതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

2 . സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ വിവിധ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിത എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി നൽകുന്ന വിഷയത്തിൽ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i. വിവിധ സർക്കാർ ഏജൻസികൾ Requiring Body (Requisitioning Body) ആയി സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒഴിവാക്കി നൽകുന്നു.

ii. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സർക്കാരിനുവേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പ്രത്യേകം പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ
2. എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. എല്ലാ വകുപ്പ് തലവന്മാർക്കും
5. പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ.........)
6. ധനകാര്യ വകുപ്പ് (E-2466638/EXP-D3/94/2023-FIN, തീയതി 28.05.2024)
7. നിയമ വകുപ്പ് (OPN-G2/99/2023-LAW, തീയതി 01.06.2023)
8. വിവര സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-B3/90/2021-REV)

ഉത്തരവിൻ പ്രകാരം
Signed by
Sandhya S
Date: 01-03-2025 17:21:18

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്
3. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
5. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
6. റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-02-2025

ഫയൽ നം. ബി3/90/2021/റവ. ഇനം നം: 2754

വിഷയം : റവന്യൂ വകുപ്പ് - സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി 2015-ലെ എൽ.എ.ആർ.ആർ. ചട്ടങ്ങളിലെ ചട്ടം 4(2) ഭേദഗതി വരുത്തി കൂടുതൽ ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. വിവിധ പൊതു പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖലാ സ്ഥാപനങ്ങളെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. വിവിധ സർക്കാർ ഏജൻസികൾ Requiring Body (Requisitioning Body) ആയി സർക്കാരിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒഴിവാക്കി നൽകാം.
2. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സർക്കാരിനുവേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പ്രത്യേകം പരിശോധിച്ച് മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകാം.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

[signature]

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ** 2754

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി3/90/2021-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി 2015-ലെ എൽ.എ.ആർ.ആർ ചട്ടങ്ങളിലെ ചട്ടം 4(2) ഭേദഗതി വരുത്തി കൂടുതൽ ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27/08/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ഷീബ ജോർജ്ജ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/02/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24/02/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25/02/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് 2015 -ലെ എൽ.എ.ആർ.ആർ ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 2015 -ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീ സെറ്റിൽമെന്റ് ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) പ്രകാരം ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിയിലെ നഷ്ടപരിഹാരതുകയുടെ 30% എസ്റ്റാബ്ലിഷമെന്റ് ചാർജ്ജായി കെട്ടിവയ്ക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയത് ചുവടെ ചേർക്കുന്നു:

"4(2): The Collector shall calculate the probable establishment charges for the acquisition at the rate of thirty percent of the cost of compensation of the proposed acquisition, which shall be deposited by the Requiring Body in the appropriate Head of Account".

3. 12/04/2018-ലെ സ.ഉ(അച്ചടി) നം.17/2018/റവ (എസ്.ആർ.ഒ 226/18) പ്രകാരം 2015 -ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീ സെറ്റിൽമെന്റ് ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ഇപ്രകാരം ഭേദഗതി വരുത്തുകയുണ്ടായി:

"Amendment of the Rules:- In the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015, in rule 4,-

(a) for sub-rule (2), the following sub-rule shall be substituted, namely:-
(2) (i) in acquisitions where Special Unit is being established by the Requisitioning Authority other than Government Departments the entire establishment cost calculated by the District Collector shall be paid by the Requisitioning Authority in installment basis

(year wise);

(ii) in acquisition performed by Central or State Government Departments the proportional establishment charge of the cost of compensation of the proposed acquisition need not be deposited by the Requiring Body.

4. ലൈഫ് സയൻസസ് പാർക്കിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ആയി കെട്ടിവെയ്ക്കേണ്ട 102,20,58,006/- രൂപ അടവാക്കുന്നതിൽ നിന്ന് ഇളവനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ KSIDC മാനേജിംഗ് ഡയറക്ടർ 19/01/2021-ലെ കത്ത് പ്രകാരം വ്യവസായ വകുപ്പിന് സമർപ്പിക്കുകയുണ്ടായി.

5. ഫയൽ അനുമതിക്കായി വ്യവസായ വകുപ്പ് ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ഇപ്രകാരം അറിയിക്കുകയുണ്ടായി:

"Administrative Department is requested to take up the matter with Revenue Department.

AD is also requested that, they may inform the Revenue Department that, 'Finance' recommend to change the rules with a more appropriate provision".

6. തുടർന്ന്, ഈ വിഷയത്തിൽ റവന്യൂ വകുപ്പ് താഴെ പറയുന്ന അഭിപ്രായം വ്യവസായ വകുപ്പിനെ അറിയിക്കുകയുണ്ടായി.

" Rule 4(2) of the RFCTLARR (Kerala) Rules 2015 specifies mandatory payment of 30% establishment charge of the cost of compensation of the proposed acquisition. The same has been reproduced below:

" 4(2): The Collector shall calculate the probable establishment charges for the acquisition at the rate of thirty percent of the cost of compensation of the proposed acquisition, which shall be deposited by the Requiring Body in the appropriate Head of Account

As per G.O(P) No. 17/2018/RD dated 12.04.2018 (SRO 226/18), Rule 4(2) of LARR Rules,2015 has been amended as follows.

"Amendment of the Rules:- In the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015, in rule 4,-

(a) for sub-rule (2), the following sub-rule shall be substituted, namely:-

(2) (i) in acquisitions where Special Unit is being established by the Requisitioning Authority other than Government Departments the entire establishment cost calculated by the District Collector shall be paid by the Requisitioning authority in installment basis (year wise);

(ii) in acquisition performed by Central or State Government Departments the proportional establishment charge of the cost of compensation of the proposed acquisition need not be deposited by the Requiring Body."

It is pointed out that Rule 4(2) of LARR Rules, 2015 mandates for the payment of 30% establishment charges. The said establishment charges is 30% of the total land acquisition cost. It is also pointed out that where Special Units are created the Requisitioning Authority are bound to pay the establishment charges for running the said unit. Here the establishment charges is the salary and allowances of the staff working in the unit.

It is pointed out that by the introduction of the LARR Act, 2013 the guidelines specified in G.O(Ms) No. 213/99/RD dated 14.06.1999 for payment of establishment charges has no relevance.

In this case the Special Tahsildar, Sree Pandaravaka Lands No III is not created exclusively for the acquisition of land for KSIDC. The said unit is created for the Land Board for issuance of Sree Pandaravaka Land Pattyam. The argument that KSIDC is paying 50% establishment charges for running the said office (ie. the salary and allowances of the staff working in the O/o Special Tahsildar, Sree Pandaravaka Lands No III) is also not true. It has been confirmed from the District Collector,

Thiruvananthapuram that they had not paid the 50% establishment charges for running the Special Unit Viz. Special Tahsildar, Sree Pandaravaka Lands No III and that they had paid only an amount of Rs 10 Lakhs to meet the incidental expenses.

Hence in this case Industries Department is requested to place matter before the Council of Ministers for granting exemption to the Requisitioning Authority Viz. KSIDC from the payment of 30% establishment charges of the land acquisition cost to the tune of Rs 102.21 Crores with regard to the acquisition of land for KSIDC in relaxation of Rule 4(2) of LARR Rules, 2015 as a special case"

7. തുടർന്ന്, ലൈഫ് സയൻസസ് പാർക്കിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് KSIDC കെട്ടിവെയ്ക്കേണ്ട 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായ 102,20,58,006/- രൂപ അടവാക്കുന്നതിൽ നിന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇളവനുവദിച്ച് 30/10/2021-ലെ സ.ഉ(കൈ) നം.108/2021/വ്യവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

8. കൂടാതെ, 2015-ലെ എൽ.എ.ആർ.ആർ ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ഉചിതമായ കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്ന് വ്യവസായ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

9. സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിത എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്ന വിഷയത്തിൽ 2015 -ലെ എൽ.എ.ആർ ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ഭേദഗതി ചെയ്യുന്ന വിഷയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി.

10. ലാൻഡ് റവന്യൂ കമ്മീഷണർ 15/10/2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ താരതമ്യേന വളരെ ചെറിയ വിസ്തീർണ്ണത്തിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ കണക്കാക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് തുക പര്യാപ്തമല്ലെന്നും, ആയതിനാൽ വിവിധ പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ KMRL, KSIDC, KINFRA, VISL, KSRTC, KRFB തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾ നിർബന്ധിതമായി അടയ്ക്കേണ്ട 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ

നിലവിലെ സ്ഥിതി തുടരുന്നതാണ് അഭികാമ്യം എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

11. ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

" പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ ജോലികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഒഴിവാക്കി നല്കിയാൽ ജീവനക്കാരുടെ ശമ്പളമടക്കമുള്ള ചെലവുകൾക്ക് ആവശ്യമായ തുക ധനവകുപ്പ് അനുവദിക്കേണ്ട സാഹചര്യമുണ്ടാകും. ആയതിനാൽ ലാൻഡ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടതുപോലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, ചട്ട ഭേദഗതി ചെയ്ത് ഒഴിവാക്കി നൽകുന്നതിന് പകരം, ഒഴിവാക്കപ്പെടേണ്ട അത്യാവശ്യ കേസുകൾ മാത്രം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാകും ഉചിതം. ബഹു.മുഖ്യമന്ത്രി കണ്ടാലും".

12. തുടർന്ന്, ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്ത അവസരത്തിൽ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"വിവിധ സർക്കാർ ഏജൻസികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ requiring body (requisitioning body) ആയി സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്കും 12/04/2018-ലെ സ.ഉ.(പി) നം.17/2018/റവ നമ്പർ ഉത്തരവിന്റെ ആനുകൂല്യം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക ".

13. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേക്കായി കരട് കുറിപ്പ് സഹിതം ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചപ്പോൾ ഇപ്രകാരം ഉത്തരവിടുകയുണ്ടായി.

"2015-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം(2)-ൽ ഭേദഗതി വരുത്തി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ നിയമ വകുപ്പായി കൂടിയാലോചിച്ച് തയ്യാറാക്കി അതുകൂടി ഉൾപ്പെടുത്തിയ പുതുക്കിയ കുറിപ്പ് സമർപ്പിക്കുക."

14. തുടർന്ന്, ഈ വിഷയത്തിൽ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമ ധനകാര്യ വകുപ്പുകളുടെ അഭിപ്രായം ആരായുകയുണ്ടായി.

15. ഈ വിഷയത്തിൽ താഴെ പറയുന്ന അഭിപ്രായം നിയമ വകുപ്പ് ലഭ്യമാക്കിയിട്ടുള്ളതാണ്:

"2015 ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങളിലെ ചട്ടം 4(2)(i) പ്രകാരം നിലവിൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളെ മാത്രമാണ് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥ വിവിധ സർക്കാർ ഏജൻസികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ requiring body (requisitioning body) ആയി സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്കും കൂടി ബാധകമാക്കികൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം ഭരണവകുപ്പിന് പരിഗണിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ, ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ആവശ്യകത പരിശോധിച്ചുകൊണ്ട് സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്കു മാത്രം (അത്യാവശ്യ കേസുകൾ മാത്രം) മന്ത്രിസഭയുടെ അംഗീകാരത്തോടെ establishment cost ഒഴിവാക്കി നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന ഒരു വ്യവസ്ഥ ചട്ടങ്ങളിൽ ഏർപ്പെടുത്താവുന്നതോ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ establishment cost ന്റെ ഒരു നിശ്ചിത ശതമാനം ഇളവു നൽകുന്നതു സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനോ ഭരണവകുപ്പിന് നയപരമായ തീരുമാനമെടുക്കാവുന്നതാണെന്ന് അറിയിക്കുന്നു."

16. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"വിവിധ സർക്കാർ ഏജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ requiring body (requisitioning body) ആയി വരുന്ന കേസുകളിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കി നൽകുന്നത് നിലവിലെ സാഹചര്യത്തിൽ സർക്കാറിന് അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകുമെന്നതിനാൽ തല്ക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. വിവിധ സർക്കാർ ഏജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ, ഓരോ

**സ്ഥാപനത്തിന്റെയും ആവശ്യകത പരിശോധിച്ചുകൊണ്ട് സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികളിൽ അത്യാവശ്യ കേസുകൾ മാത്രം മന്ത്രിസഭയുടെ അംഗീകാരത്തോടെ establishment cost ഒഴിവാക്കി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."**

17. നിയമ/ധന വകുപ്പുകളുടെ അഭിപ്രായം സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"1). വിവിധ സർക്കാർ എജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ requiring body (requisitioning body) ആയി സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്കും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒഴിവാക്കി നൽകുക.

2). പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഓരോന്നിന്റെയും ആവശ്യകത പരിഗണിച്ചുകൊണ്ട് സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് മാത്രം മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുക.

3). 2015-ലെ RFCTLARR ചട്ടം 4(2) മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിലേയ്ക്ക് നിയമ / ധനകാര്യ വകുപ്പുകളുടെ ലഭ്യമായ അഭിപ്രായം സഹിതം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക."

**തീരുമാനിക്കേണ്ട വിഷയം**

വിവിധ പൊതു പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ KMRL, KSIDC, KINFRA, VISL, KSRTC, KRFB മുതലായ പൊതുമേഖല സ്ഥാപനങ്ങളെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 2015-ലെ എൽ.എ.ആർ.ആർ ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ഭേദഗതി വരുത്തിയ 12/04/2018-ലെ സ.ഉ(അച്ചടി) നം.17/2018/റവ ഉത്തരവിൽ താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യാമോ?

1) വിവിധ സർക്കാർ എജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ requiring body

(requisitioning body) ആയി സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്കും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒഴിവാക്കി നൽകുക.

2) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സർക്കാരിന് വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുക.

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2018 ഏപ്രിൽ 13<br>13th April 2018<br>1193 മീനം 30<br>30th Meenam 1193<br>1940 ചൈത്രം 23<br>23rd Chaithra 1940 | നമ്പർ<br>No. 967 |

## GOVERNMENT OF KERALA

**Revenue (B) Department**

NOTIFICATION

G. O. (P) No. 17/2018/RD.

*Dated, Thiruvananthapuram, 12th April, 2018*
*29th Meenam, 1193*
*22nd Chaithra, 1940.*

**S. R. O. No. 226/2018.**—In exercise of the powers conferred by sub-section (1) of section 109 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), the Government of Kerala after having previously published the draft proposals calling for objections and suggestions as per Notification No. 301/B1/2017/RD

dated 23rd January, 2018, published in the Kerala Gazette Extraordinary No. 155 dated 24th January, 2018 as required by section 112 of the said Act and having received no objections or suggestions on it, hereby make the following rules further to amend the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015 issued under G. O. (P) No. 470/2015/RD dated 19th September, 2015 and published as S. R. O. No. 628/2015 in the Kerala Gazette Extraordinary No. 2142 dated 23rd September, 2015, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Amendment Rules, 2018.

(2) They shall come into force at once.

2. *Amendment of the Rules.*—In the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015, in rule 4,—

(a) for sub-rule (2), the following sub-rule shall be substituted, namely:—

"(2) (i) in acquisitions where Special Unit is being established by the Requisitioning Authority other than Government Departments, the entire establishment cost calculated by the District Collector shall be paid by the Requisitioning authority in instalment basis (yearwise).

(ii) in acquisition performed by Central or State Government Departments, the proportional establishment charge of the cost of compensation of the proposed acquisition need not be deposited by the Requiring Body.

(b) for sub-rule (3), the following sub-rule shall be substituted, namely:—

"(3) The contingency charge levied by the State Government shall be either five per cent of the cost of compensation or rupees fifty lakh whichever is less.".

By order of the Governor,

P. H. KURIAN,

*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Sub-rule (2) of rule 4 of the Kerala Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015 provides that the Collector shall calculate the probable establishment charges for the acquisition at the rate of thirty per cent of the cost of compensation of the proposed acquisition, which shall be deposited by the Requiring Body in the appropriate Head of Account. Sub-rule (3) of the said rule provides that the Collector shall calculate contingency charges for acquisition which shall be five per cent of the cost of compensation subject to a minimum of fifty thousand rupees, which shall be placed at his disposal in Treasury Savings Bank Account.

The Chairman, National Highway Authority of India has requested to rationalise the administrative charges levied on land acquisition for the National Highways. The Government have examined the issue regarding the mandatory payment of thirty per cent establishment charges and five per cent contingency charges of the cost of compensation of the proposed acquisition which is to be deposited by the Requiring Body and decided to amend sub-rules (2) and (3) of rule 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019